(ഡി) പ്രധാന ഓഫീസ് സമുച്ചയങ്ങളായ വികാസ് ഭവൻ, പബ്ലിക് ഓഫീസ് എന്നിവിടങ്ങളിൽ ഡിപ്പാർട്ട്മെന്റ് വാൻ പദ്ധതി നടപ്പാക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ വികാസ്ഭവനിൽ പദ്ധതി നടപ്പിലാക്കി. പബ്ലിക് ഓഫീസിലെ പണി അന്തിമഘട്ടത്തിലാണ്. സെക്രട്ടേറിയറ്റിലെ സെക് വാൻ പദ്ധതി നടപ്പാക്കി വരുന്നു. കേരളത്തിലെ 14 സിവിൽ സ്റ്റേഷനുകളിലെ ഓഫീസുകൾ ഒപ്റ്റിക്കൽ ശൃംഖല വഴി KSWAN-മായി ബന്ധിപ്പിക്കാനുള്ള നടപടികൾ തുടർന്നുവരികയാണ്.

## എല്ലാ സർക്കാർ സേവനങ്ങളും ഒരുകുടക്കീഴിൽ കൊണ്ടുവരുന്നതിന് ഐ.ടി. വകുപ്പ് മുഖേന പദ്ധതി

261 (3922) ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. വകുപ്പ് മുഖേന എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ; വിശദമാക്കുമോ ;

(ബി) ഇതിനായി രൂപം നൽകിയ പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പോർട്ടലിൽനിന്നും ജനങ്ങൾക്ക് ലഭ്യമാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സർക്കാർ വകുപ്പുകളിലെ ഓൺലൈൻ സേവനങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമം നടന്നുവരികയാണ്. സർക്കാരിന്റെ എല്ലാ വകുപ്പുകളിലെയും സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുവാൻ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ (SSDG) പദ്ധതിയുടെ ഭാഗമായി www.eservices.kerala.gov.in എന്ന പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ വഴി നൽകുന്ന വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾക്കുപുറമേ ഇ-ഡിസ്ട്രിക്റ്റ്, സർവീസ് പ്ലസ് എന്നീ പദ്ധതികളിലെ ഓൺലൈൻ സേവനങ്ങൾ കൂടി ഈ പോർട്ടലിനു കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) www.eservices.kerala.gov.in എന്ന പോർട്ടൽ നിലവിൽ വന്നിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, റൂറൽ ഡെവലപ്പ്മെന്റ് എന്നീ മൂന്നു വകുപ്പുകളിലെ ആറ് സേവനങ്ങൾ ആണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്.

(സി) ടാറ്റാ കൺസൾട്ടൻസി സർവീസസ് ആണ് പ്രസ്തുത പോർട്ടൽ വികസിപ്പിച്ചിട്ടുള്ളത്. വിവിധ ഏജൻസികളായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, ഡി-ഡിറ്റ്, എസ്.റ്റി.ക്യൂ.സി. എന്നിവ ഐ.റ്റി. മിഷനുമായി സഹകരിച്ചാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്.

(ഡി) നിലവിൽ ഒരു പൗരന് ഏതെങ്കിലും വകുപ്പിലെ സേവനങ്ങൾ ലഭ്യമാകണമെങ്കിൽ പ്രസ്തുത ഓഫീസോ/സ്ഥാപനമോ (വിദ്യാഭ്യാസ സ്ഥാപനം ഉൾപ്പെടെ) നേരിട്ട് സന്ദർശിച്ച് വേണം അപേക്ഷ സമർപ്പിക്കുകയും പണമടയ്ക്കുകയും ചെയ്യുന്നത്. തുടർ അന്വേഷണങ്ങൾക്കായി പ്രസ്തുത ഓഫീസുകൾ വീണ്ടും സന്ദർശിക്കുകയോ, ഫോൺ മുഖേനയോ ആണ് വിവരം പൗരൻ മനസ്സിലാക്കുന്നത്. എന്നാൽ www.eservices.kerala.gov.in എന്ന സർവീസ് പോർട്ടൽ മുഖേന പൗരന് എവിടെനിന്ന് വേണമെങ്കിലും ഇന്റർനെറ്റ് മാധ്യമത്തിൽകൂടി അപേക്ഷ സമർപ്പിക്കുവാനും, പണമിടപാട് നടത്തുവാനും അതിന്റെ തൽസ്ഥിതി അറിയുവാനും സാധിക്കും. അന്തിമമായി ലഭിക്കേണ്ട സേവനമോ സർട്ടിഫിക്കറ്റോ ഈ സംവിധാനത്തിൽകൂടി എളുപ്പം ലഭ്യമാകുമെന്നതാണ് ജനങ്ങൾക്കുള്ള നേട്ടം.

## സർക്കാർ ഓഫീസുകളിൽ ഡി.ഡി.എഫ്.എസ്. സംവിധാനം

262 (3923) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ഓഫീസുകളിൽ ഡി.ഡി.എഫ്.എസ്. (ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം) നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ;

(ബി) പുതുതായി ഏതെല്ലാം ഓഫീസുകളിലാണ് ഡി.ഡി.എഫ്.എസ്. നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ഓഫീസുകളിൽ ഈ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതോടെ ഭാവിയിൽ അധികമായിവരുന്ന തസ്തികകൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ സംവിധാനം എന്നുമുതലാണ് നടപ്പാക്കി തുടങ്ങിയതെന്നും ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly